# വലിയ നോമ്പ്

മതാത്മകതയുടെ ഭാഗമായ നോമ്പ്, ഉപവാസം, വ്രതം തുടങ്ങിയ ആചാരാനുഷ്ഠാനങ്ങൾ മാനവകുലത്തിനു പുണ്യ സഞ്ചയത്തിലേക്കുള്ള കിളിവാതിലുകളാണ്. രാമായണമാസത്തിൽ ഹൈന്ദവർ മത്സ്യ മാംസാദികളുടെ വർജ്ജനം, ശബരിമലയ്ക്കുള്ള മണ്ഡല വ്രതയാത്ര, ഇവയെല്ലാം മതാത്മകതയുടെ ഭാഗമായി ഹൈന്ദവർ ആചരിക്കുന്നു. ഏതൊരു മതത്തിലും ഭക്ഷണ പാനീയങ്ങളെ ഒഴിവാക്കി, ശരീരത്തെ ഏകാഗ്രമാക്കി, മനസ്സ് ദൈവത്തിങ്കലർപ്പിച്ച്, ഏകാഗ്രചിത്തനാകുമ്പോൾ ആണ് യഥാർത്ഥ തപസ്സ് അഥവാ നോമ്പ് ഉടലെടുക്കുന്നത്.

ഭാരത ദർശനത്തിൽ തപസ്സ് എന്നത് പഞ്ചാഗ്നി മദ്ധ്യത്തിൽ ശരീരം തപിപ്പിക്കുമ്പോൾ ശുദ്ധിയാകുന്നത് മനസ്സാണ്. ശരീരത്തിനും മനസ്സിനും ആത്മാവിനും ഒരുപോലെ പുണ്യദായകമാണ് വ്രതം നോമ്പ്, ഉവപാസം. ഹൈന്ദവാചാരവ്രതങ്ങളിൽ, പുണ്യപ്പെട്ടതാണ് ഏകാദശീവ്രതം, ഭൂരിപക്ഷം എന്നും, ആനന്ദപക്ഷം എന്നും ഏകാദശി രണ്ടു തരം, ഭൂരിപക്ഷ ഏകാദശി കാർക്ക് സുര്യോദയം മുതൽ ദിവസം ആരംഭിക്കുന്നു ആനന്ദപക്ഷക്കാർക്ക് അരുണോദയം മുതൽ ദിവസം ആരംഭിക്കുന്നു. ആനന്ദപക്ഷക്കാർക്ക് അരു ണോദയം (സൂര്യോദയത്തിന് മുമ്പ് നാലു നാഴികക്കുള്ളിൽ) മുതലാണ് ദിനാ രംഭം. സാധാരണ ഏകാദശി വ്രതത്തിന് ഒരു നേരം ആഹാരമാകാം. ഏകാ ദശി ദിവസം സമ്പൂർണ്ണ ഉപവാസം തന്നെ, പകൽ ഉറങ്ങാനും പാടില്ലത്രേ.

മതജീവിതത്തിൽ ദുഷ്ടശക്തിയുമായുള്ള പോരാട്ടം ഉണ്ട്. അതിന് അതിജീവിക്കുവാൻ വ്രതാനുഷ്ഠാനങ്ങൾ മുഖാന്തിരമാണ്. ഹൈന്ദവാചാരത്തി ലെ നവരാത്രിയാഘോഷത്തിന്റെ പശ്ചാത്തലം ഈ വസ്തുത വെളിവാക്കുന്നു. ഒൻപതു ദിവസം നീണ്ടുനിൽക്കുന്ന പൂജയും പ്രാർത്ഥനയും ഉള്ളതുകൊണ്ടാണ് നവരാത്രിയായത്. ചാമുണ്ഡേശ്വരി ദേവി പോത്തിന്റെ തലയുള്ള മഹിഷാസുരനായി ഒൻപതു ദിവസം നീണ്ടുനിൽക്കുന്ന പോരാട്ടത്തിൽ ഏർപ്പെട്ടു. പത്താംദിവസം ചാമുണ്ഡേശ്വരി അസുരനെ വധിച്ചു. ഈ ദിവസത്തെ വിജയദശമി (പത്താം ദിവസത്തെ വിജയം) എന്നു വിളിക്കുന്നു. ദസ്സറ എന്നും ഇതിന് പേരുണ്ട്. ദുഷ്ടാരൂപിയെ വധിച്ച ദിവസമായതിനാൽ നല്ല കാര്യങ്ങൾ തുടങ്ങാനുള്ള ശുഭമൂഹൂർത്തമാണ് . ചിലയിടങ്ങളിൽ വിദ്യാരംഭം കുറിക്കുന്നത് ഈ ദിവസമാണ്.

ക്രൈസ്തവ സമീപനത്തിൽ, സർവ്വ ഐശ്വര്യങ്ങളും ലഭിക്കണമെങ്കിൽ തിന്മയിൽ നിന്നുള്ള മോചനം അഥവാ പാപമോചനമാണ് ആദ്യം പ്രാപിക്കേണ്ടതെന്ന് യേശുക്രിസ്തുവും പഠിപ്പിക്കുന്നു. സൃഷ്ടാവായ ദൈവം മനുഷ്യരെ സൃഷ്ടിച്ചത് ദൈവവാസ മന്ദിരമായിത്തീരുവാൻ വേണ്ടിയാണ്. മനുഷ്യന്റെ ശരീരാത്മ ദേഹികളുടെ ശുദ്ധീകരണത്തിനും സമർപ്പണത്തിനും നോമ്പ് അനിവാര്യമാണ്. അതിന്റെ ആദ്യപടി ഭക്ഷണം വെടിഞ്ഞ് ഉപവസിക്കുക എന്നതാണ്. അനുതപിച്ച് ദൈവോന്മുഖമായി ജീവിക്കുന്നു എന്ന അർത്ഥത്തിലാണ് ഭക്ഷണം ഉപേക്ഷിക്കുന്നത്.

## ക്രൈസ്തവ നോമ്പ് ആചരണം

ക്രൈസ്തവർ ആചരിക്കുന്ന നോമ്പ് അനുഷ്ഠാനങ്ങളുടെ വേദപുസ്തക അടിസ്ഥാനം, വി.വേദപുസ്തകത്തിലെ പഴയ നിയമത്തിൽ പ്രതിപാദിക്കുന്ന ഇസ്രയേൽ ജനത്തിന്റെ ആചാരാനുഷ്ഠാനങ്ങളാണ്. അവ ക്രൈസ്തവ സഭയുടെ നിഴൽ മാത്രവുമാണ്. ക്രിസ്തുവിൽ വിശ്വസിച്ച ആദിമ ക്രൈസ്തവ സഭയിൽ അംഗങ്ങളായി തീർന്നവർ ബഹുഭൂരിപക്ഷവും യഹൂദന്മാരായിരുന്നു. ക്രിസ്തീയ സഭയുടെ സ്വഭാവം ശരിയായി മനസ്സിലാക്കണമെങ്കിൽ അതിന് പശ്ചാത്തലമായി യഹൂദമതവിശ്വാസത്തിന്റെ കാതൽ എന്താണ് എന്ന് അറിയണം.

മോശ സീനായി പർവ്വതത്തിൽ ഉപവസിച്ചതും, ഏലിയാവ് മരുഭൂമി യിൽ ഉപവസിച്ചതും, നിനുവെയിലെ ആളുകൾ ഉപവസിച്ചതും, യേശുക്രിസ്തു ഉപവസിച്ചതും എല്ലാം നാല്പതുദിവസം ആയിരുന്നു. ഭക്ഷണവും ലൗകിക സുഖങ്ങളും ആസ്വദിച്ച് നശിച്ചു പോകുവാനുള്ളതല്ല മനുഷ്യ ശരീരം. ദൈവോന്മുഖമായി ജീവിക്കുവാനാണ് ആഹ്വാനം ചെയ്യുന്നത്. യേശുക്രിസ്തു നോമ്പിനെ കുറിച്ച് പഠിപ്പിച്ചു.(മത്താ.6:16:മർക്കോ.2:20:9:29) അപ്പോസ്തോലന്മാരുടെ ജീവിതത്തിലും നോമ്പിന് സുപ്രധാന സ്ഥാനമുണ്ടായിരുന്നു. (അപ്പോ.പ്ര. 13:2:14:23:2 കോരി, 6:5:11:27).

യഹൂദന്മാർ ആഴ്ചയിൽ രണ്ട് ദിവസം (തിങ്കൾ, വ്യാഴം) ഉപവസിക്കുമായി രുന്നു (ലൂക്കൊ. 18:12). പരീശന്റെ പ്രർത്ഥനയിൽ ആഴ്ചയിൽ രണ്ടു ദിവസം ഉപവസിക്കുന്നത് പറയുന്നുണ്ട് ഇതിന്റെ സ്വാധീനത്തിൽ, ആഴ്ചയിൽ രണ്ടു ദിവസം ഉപവസിക്കുന്ന ക്രൈസ്തവർ ഉപവസിക്കുന്ന രീതി എ.ഡി. 100- ൽ തന്നെ സഭയിലുണ്ടായിരുന്നു. ഡിഡാക്കെ (7:4) സ്നാനം ഏൽക്കുന്നവരും സ്നാനം കഴിപ്പിക്കുന്നവരും കഴിവുള്ളത്ര വിശ്വാസികൾ ഉപവസിക്കണമെന്ന് ജസ്റ്റിൻ മാർട്ടിയർ (എ.ഡി. 150) നിഷ്കർഷിച്ചു. (ഡിഡാക്കെ).

## വലിയ നോമ്പ്

സഭാപാരമ്പര്യത്തിലെ ഏറ്റവും പുരാതനവും ദീർഘവുമായ

നോമ്പാണിത്. നാല്പതു നോമ്പെന്നും, അമ്പതു നോമ്പെന്നും. എന്നും പറയപ്പെടുന്ന വലിയ നോമ്പിന്റെ ചരിത്രപരമായ പ്രധാന ഉദ്ദേശ്യം, യേശു ക്രിസ്തുവിന്റെ ഉയിർപ്പ് ആചരണത്തിനുള്ള ഒരുക്കകാലഘട്ടമാണിത്. ആദ്യമൊക്കെ, ഉയിർപ്പിന് തൊട്ടുമുമ്പ് നാല്പത്തെട്ടു മണിക്കൂറുകളും, പിന്നീട് ഒരാഴ്ചയും, ആയിട്ട് ആരംഭിച്ച ഉപവാസാനുഷ്ഠാനമാണ് വലിയ നോമ്പായി രൂപപ്പെട്ടത്. അപ്പോസ്തോലിയ പിതാക്കന്മാരുടെ കാലത്തുതന്നെ ഈ നോമ്പ് ആരംഭിച്ചതായി അനുമാനിക്കാം. കൂടാതെ, ആദിമനൂറ്റാണ്ടുകളിൽ സഭയിലേക്ക് വരുന്നവർക്ക് മാമോദീസാ നൽകുവാനുള്ള ദിവസമായും ഉയിർപ്പുദിവസം മാറിയിരിന്നതിനാൽ, മാമോദീസാ സ്വീകരിക്കുവാനുള്ളവർക്ക് പ്രത്യേകമായ തയ്യാറെടുപ്പിന്റെ കാലഘട്ടമായും വലിയ നോമ്പിനെ കണ്ടു.

നമ്മുടെ കർത്താവ് നാൽപ്പതു ദിവസം ഉപവസിച്ചതിന്റെ മാതൃകയിൽ ലോകമെമ്പാടും നാൽപ്പതു ദിവസം ഉപവസിക്കുന്നുവെന്ന് എ.ഡി 340 ൽ വിശുദ്ധ അത്താനാസ്യോസ് എഴുതിയിട്ടുണ്ട്. എല്ലാ സഭകളും അന്നേ നാൽപ്പതു ദിവസത്തെ നോമ്പ് അംഗീകരിച്ചു കഴിഞ്ഞിരുന്നു. ഉയിർപ്പു പെരുന്നാളിന്റെ പുതുജീവൻ പ്രാപിക്കുവാനുള്ള അനുതാപത്തിന്റേയും ആത്മീയ ഒരുക്കത്തിന്റേയും അവസരമാണിത്. നാൽപ്പതു ദിവസത്തെ ഉപവാസത്തെപ്പറ്റി ആദ്യമായി പറയുന്നത് നിഖ്യാസുന്നഹദോസിന്റെ (A.D 325) അഞ്ചാമത്തെ കാനോനിലാണ്. വിശുദ്ധ അത്താനാസ്യോസിന്റെ പെരുന്നാൾ ലേഖനങ്ങളിൽ നാൽപ്പതുദിവസത്തെ ഉപവാസത്തെപ്പറ്റി ചോദിക്കുന്നു. ലവദോക്യാ സുന്നഹദോസാണ് (A.D 360) എല്ലാ വിശ്വാസികളും നാൽപ്പതുദിവസം ഉപവസിക്കണമെന്ന് അനുശാസിച്ചത്. നാൽപ്പതു ദിവസം കൃത്യമായി ഉപവസിക്കുന്നതിനേക്കാൾ ഈസ്റ്ററിന് നാൽപ്പതുദിവസം പ്രാർത്ഥനാപൂർവ്വം ഒരുങ്ങുന്നതിനായിരുന്നു ആദിമസഭ പ്രാധാന്യം കൊടുത്തിരുന്നത്. ഈ പതിവ് നോമ്പെടുത്ത്,യെരുശലേമിൽ ഉണ്ടായിരുന്നതായി സ്പാനിഷ് തീർത്ഥാടക എത്തീറിയ(A.D 375) രേഖപ്പെടുത്തിയിട്ടുണ്ട്. മാമ്മോദീസ എൽക്കുന്നവർ വലിയ നോമ്പ് ആചരിക്കുകയും ഉപവാസിക്കുകയും ചെയ്യണമെന്നുള്ളത് വളരെ പുരാതനമായ ഒരു പാരമ്പര്യമാണ്. നാലാം നൂറ്റാണ്ടിൽ സ്നാനാർത്ഥിയുടെ പരിശീലനകാലം ചുരുങ്ങിയത് ആറാഴ്ചയായി സഭ നിശ്ചയിച്ചു. വലിയ നോമ്പിൽ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും വിശ്വാസബോധത്തിനും ആണ് പ്രാധാന്യം നൽകിയിട്ടുള്ളത്. സഭയിലെ പിതാക്കന്മാർ (Theodore of Mospuestia, A.D.428, Severus of Antioch, A.D 538) ഈ കാലയളവിൽ വിശ്വാസബോധനപ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്

നാലും അഞ്ചും നൂറ്റാണ്ടുകളിൽ ഉപവാസം കൂടുതൽ കർശനമാക്കി. സന്ധ്യക്കു മാത്രം ഭക്ഷിക്കുവാൻ ഉപവാസക്കാരെ ഉത്ബോധിപ്പിക്കുന്നു.

മത്സ്യം, മാംസം, ക്ഷീരോല്പ്പന്നങ്ങൾ, മുട്ട എന്നിവ വിലക്കുന്നത് ഇക്കാലത്താണ്. ആത്മസംയംമനത്തിന്റെ അടയാളമാണ് ഭക്ഷണം വെടിയുന്നത്. അനുതപിച്ച് ദൈവോന്മുഖമായി ജീവിക്കുന്നു എന്ന അർത്ഥത്തിലാണ് ഭക്ഷണം ഉപേക്ഷിക്കുന്നത്.

നോമ്പ് അനുഷ്ഠാനത്തിന്റെ പ്രസക്തി മനസ്സിലാക്കണമെങ്കിൽ, യേശുക്രിസ്തു നാൽപ്പതു ദിവസം മരുഭൂമിയിൽ, നിർവ്വഹിച്ച വ്രതാനുഷ്ഠാനത്തിന്റെ ഉൾക്കാഴ്ചകൾ പഠനവിഷയമാക്കണം. .

## മരുഭൂമിയിലെ കർത്താവിന്റെ വ്രതാനുഷ്ഠാനം

പരസ്യശുശ്രൂഷയ്ക്ക് മുമ്പായി നാൽപ്പതു ദിവസം കർത്താവ് ഉപവസിച്ചു. (മത്താ.4:2, മർക്കൊ.1:13;ലൂക്കോ 4:1-2) നാൽപ്പതു ദിവസത്തെ പോരാട്ടത്തിലൂടെ സാത്താനെ തോൽപ്പിക്കുന്ന യേശുക്രിസ്തു, അഭിമുഖീകരിച്ച മൂന്ന് പ്രലോഭനങ്ങൾ ഏവൻഗേലിയോസ്തർ ഇവിടെ പ്രതിപാദിക്കുന്നു. കല്ലുകൾ അപ്പമാക്കുക; ദൈവാലയ ഗോപുരമുകളിൽനിന്ന്ചാടുക; ഉയർന്ന മലയിൽ സാത്താനെ ആരാധിക്കുക. ഇത് യഹൂദജനത്തിന്റെ മൂന്നുതരത്തിലുള്ള മെസയാനിക പ്രതീക്ഷകളെ അനുസ്മരിപ്പിക്കുന്നു. അവരിൽ ചിലർ ഒരു രാജകീയ മിശിഹായെ (മോശയെപ്പോലെ ഇസ്രായേൽജനതയെ മരുഭൂമിയിലൂടെ നയിച്ച് തേനും പാലുമൊഴുകുന്ന ദേശത്ത് എത്തിച്ച ഒരു വിമോചകൻ)സ്വപ്നം കണ്ടു.(ആവർത്തനം 18:15, 18). വേറൊരുകൂട്ടർ ദാവീദിനെപ്പോലെ ശക്തമായ ഒരു രാജാവ്. മറ്റുചിലർ ഒരു പുരോഹിതമിശിഹായെ സ്വപ്നംകണ്ടു. ഇസ്രയേലിന്റെ ദൈവശുശ്രൂഷ (worship or liturgy) ശുദ്ധീകരിക്കുകയും വീണ്ടെടുക്കുകയും ചെയ്യുന്ന ഒരു അഭിഷിക്ത പുരോഹിതൻ.

ദൈവജനമായ ഇസ്രായേലിന്റെ പൈതൃകപാരമ്പര്യത്തിലാണ് യേശു വളർന്നത്. ഇസ്രായേൽ ജനത ഫറവോന്റെ അടിമത്വത്തിൽ നിന്ന് വിടുതൽ പ്രാപിച്ച് കാനാൻ ദേശത്തക്ക് പാലായനം ചെയ്യുന്നത് സീനായി മരുഭൂമിയിൽക്കൂടിയാണ്. ദൈവം ഇസ്രായേൽ ജാതിയെ മരുഭൂമിയിൽ വെച്ച് പരീക്ഷിച്ചു. ഇപ്പോൾ ഇസ്രായേലിന്റെ വാഗ്ദത്ത മിശിഹ ആയ യേശുവും പരീക്ഷീക്കപ്പെടുവാൻ മരുഭൂമിയിലേക്ക് നയിക്കപ്പെടുന്നു. മരുഭൂമിയിൽ നടന്ന ഈ നോമ്പ് അനുഷ്ഠാനത്തിൽ യഹൂദജാതിയുടെ രണ്ട് വലിയ വ്യക്തികൾ മോശയും ഏലിയാവും (പുറ.34:28) (1രാജാ19:8) ദൈവവുമായി ഉടമ്പടി ബന്ധം സ്ഥാപിച്ചതും ശ്രദ്ധേയമാണ്. മരുഭൂമിയിലെ പരീക്ഷ ഒരു പരീക്ഷണശാലയായിരുന്നു, ഗ്രീക്കിലെ "പെയ്റാഫെയിൻ" എന്ന പദത്തിന് പ്രലോഭനത്തിനേക്കാൾ പരീക്ഷ എന്ന അർത്ഥമാണുള്ളത്. പരീക്ഷയാണല്ലോ

ഒരാളുടെ യോഗ്യത അളക്കുന്നത്.

യേശുക്രിസ്തു ദൈവപുത്രനാണെന്ന് തെളിയിക്കുന്ന പരീക്ഷകളാണിവ. അഥവാ വ്രതാനുഷ്ഠാനമായിരുന്നു. തപസ്സിന്റേയും പ്രാർത്ഥനയുടേയും പ്രതീകമായ മരുഭൂമി, പരീക്ഷണങ്ങളുടെ തീച്ചൂള മാത്രമല്ല: ദൈവവുമായി ഉടമ്പടി ബന്ധം സ്ഥാപിക്കുവാനുള്ള മേഖല കൂടിയാണിത്. യഹൂദന്മാർ മരുഭൂമിയാകുന്ന ഗർഭപാത്രത്തിലൂടെ യാത്ര ചെയ്ത് കനാൻ ദേശത്ത് എത്തി . യേശുവും മരുഭൂമിയനുഭവത്തിലൂടെ കടന്നുപോകുന്നു. ദുഷ്ടശക്തികളെ അമർച്ച ചെയ്യുവാൻ ശക്തിയാർജ്ജിച്ചു.

**നാൽപ്പതു ദിനരാത്രങ്ങൾ അഥവാ നാൽപ്പത് ആഴ്ചകൾ**

മരുഭൂമിയിലെ നാൽപ്പതു ദിനരാത്രങ്ങൾ യേശുതമ്പുരാൻ എടുത്ത വ്രതാനുഷ്ഠാനം നാൽപ്പത് ആഴ്ചകളെ സൂചിപ്പിക്കുന്നു എന്നിരിക്കട്ടെ. ഒരു കുഞ്ഞ് അമ്മയുടെ ഗർഭപാത്രത്തിൽ ഉരുവായി നാല്പതു ആഴ്ചകൊണ്ട് വളർച്ചയെത്തുന്നു. മരുഭൂമിയുടെ ഗർഭപാത്രത്തിൽ കിടന്ന് ഉരുകി പുതിയ സൃഷ്ടിയാവുകയാണ് യേശു. നാസറത്തിലെ, മറിയം -യൗസേഫ് ദമ്പതികളുടെ മകനായി ജനിച്ച ആശാരിചെറുക്കനിൽനിന്ന്, യോർദ്ദാ നദിയിൽ ജ്ഞാനസ്നാന സമയത്ത് ദൈവപുത്രനായി തീർന്നു. മരഭൂമിയിലെ വ്രതാനുഷ്ഠാനമായി ദാവീദിന്റെ പുത്രനായ മിശിഹായിലേക്കുള്ള സഞ്ചാരമാണ് മരുഭൂമിയിൽ നടക്കുന്നത്. മനുഷ്യന്റെ വ്യർത്ഥമായ ആസക്തികളെ ഉരുകിയില്ലാതാക്കുന്ന മരുഭൂമിയുടെ പരീക്ഷണശാലയാണ് ഇത്. പഴയ പ്രകൃതം നഷ്ടപ്പെട്ട് പ്രപഞ്ചത്തിന്റെ ആത്മാവായി രൂപാന്തരപ്പെടുന്ന വ്രതാനുഷ്ഠാനമാണിത്. മരുഭൂമിയുടെ ഗർഭപാത്രത്തിൽ 40 ദിവസം ആയിരുന്ന യേശു പുതിയ മിശിഹാത്വം അവതരിപ്പിക്കുന്ന പുതിയ ശിശുവായി ജനിച്ചു. പ്രപഞ്ചത്തിന്റെ ഗർഭപാത്രമായ മരുഭൂമിയിൽ കിടന്ന് പ്രപഞ്ചത്തിന്റെ ശിശുവായി യേശു പുനർജ്ജനിക്കുന്നു. തൊട്ടുമുമ്പ് ജ്ഞാനസ്നാനവേളയിൽ 'ദൈവപുത്രനായവൻ' ഇതാ ഇവിടെ "ലോകത്തിന്റെ പുത്രനായി മാറുന്നു." എന്താണ് ഈ പുതിയ മിശിഹാത്വം?

ദൈവത്തിൽ മനസ്സ് പൂർണ്ണമായി അർപ്പിച്ച യേശു പറഞ്ഞു. "മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല ജീവിക്കുന്നത്. ദൈവത്തിന്റെ ഹൃദയത്തിന്റെ മിടിപ്പുകൊണ്ടുമാണ്. ഈ ജ്ഞാനോദയം യേശുവിന് ലഭിച്ചത് ഭൂമിയുടെ അഥവാ പ്രപഞ്ചത്തിന്റെ ഗർഭപാത്രമായ മരുഭൂമിയിൽ വച്ച് ഒരു പുനർജന്മത്തിന് തയ്യാറായതുകൊണ്ടാണ്. ദൈവപുത്രനായിരുന്നതുകൊണ്ടാണ് കല്ലുകളെ അപ്പമാക്കാൻ അവിടുത്തേക്ക് സാധിക്കാതിരുന്നത്.

ഈ വലിയ നോമ്പ് അനുഷ്ഠാനത്തിൽക്കൂടെ ഒരു നവജാത ശിശുവായി മാറുവാൻ എനിക്കാകുമോ?

**ഫാ.ഡോ.ടി പി ഏലിയാസ്**